J2/19183/2020/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 01.12.2021

**<u>പരിപത്രം</u>**

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് -പലിശ രഹിത ചികിത്സ വായ്പ ക്രമീകരിക്കുന്നത് -സംബന്ധിച്ച്

സൂചന :- സ .ഉ (പി )നം .4 / 2020 / ആ കു വ തിയതി .18 / 02 / 2020 .

**********

കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാരുടെയും അധ്യാപകരുടെയും ചികിത്സയുമായി ബന്ധപ്പെട്ട പലിശരഹിത ചികിത്സ വായ്പകൾ ക്രമീകരിക്കുന്നതിൽ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട് .ഈ കാര്യാലയത്തിന് കീഴിൽ വരുന്ന ഓരോ ഓഫീസിലും പലിശരഹിത ചികിത്സാവായ്പ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. പലിശരഹിത ചികിത്സ വായ്പ ലഭ്യമായി മൂന്ന് മാസത്തിനകം ചികിത്സിക്കുന്ന ഡോക്ടറുടെ വിനിയോഗപത്രം പേരും ഒപ്പും സീലും രജിസ്റ്റർ നമ്പർ സഹിതം സമർപ്പിക്കേണ്ടതാണ്. അതോടൊപ്പം 6 മാസത്തിനകം സെറ്റിൽമെന്റ് ബില്ലുകളും നൽകേണ്ടതാണ്. പലിശരഹിത ചികിത്സാവായ്പ എടുത്തതിന് ശേഷമുള്ള ബില്ലുകൾ മാത്രമേ സെറ്റിൽമെന്റിന് പരിഗണിക്കുകയുള്ളൂ. മറ്റുള്ളവ പ്രത്യേക മെഡിക്കൽ റീ ഇമ്പേഴ്സ്മെൻറ് അപേക്ഷയായി നൽകാവുന്നതാണ്. പലിശരഹിത ചികിത്സാവായ്പകൾ യഥാസമയം ക്രമീകരിക്കുന്നതിന് സ്ഥാപന മേധാവികൾ അടിയന്തിര ശ്രദ്ധ നൽകേണ്ടതാണ് . .

# Approval Valid

Digitally Approved By
ഡോ. ജോതിരാജ്. എം
Date: 01.12.2021
Reason: Approved

ഒപ്പ്/-
**ഡോ. ജോതിരാജ്. എം**
അഡിഷണൽ ഡയറക്ടർ

പകർപ്പ്:-

എല്ലാ സ്ഥാപന മേധാവികൾക്കും